**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.979** **28-4-2017 ൽ മറുപടിക്ക്**

**പട്ടയ വിതരണം പൂർത്തിയാക്കാനുള്ള നടപടികൾ**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പട്ടയം നല്കുവാനുള്ള നടപടികൾ സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | ഭൂമി പതിവിനായി ലഭിച്ച അപേക്ഷകളിൻമേൽ കേരള ഭൂമി പതിവ് നിയമം അനുസരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നതും അർഹരായ എല്ലാ അപേക്ഷകളിലും ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പട്ടയം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. വനഭൂമി പതിവ് ഊർജ്ജിതമാക്കുന്നതിനും സത്വര നടപടി സ്വീകരിച്ചുവരുന്നു. പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമികളുടെ പട്ടയ അപേക്ഷകളിൽ ടി ഭൂമി റവന്യൂ വകുപ്പിന് പുനർ നിക്ഷിപ്തമാക്കുന്നതിനും മറ്റു വകുപ്പുകളുടെ കീഴിൽ വരുന്ന ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് നൽകുന്നതിന് ഇതര വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതൊക്കെ ജില്ലകളിൽ, ഏതൊക്കെ താലൂക്കുകളിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്; എങ്കിൽ അതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ ജില്ലകളിലെ താലൂക്കുകളിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിവരങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു. കേരള ഭൂമി പതിവ് ചട്ടങ്ങൾ/നിയമങ്ങൾ, കേരള ഭൂ പരിഷ്കരണ നിയമങ്ങൾ എന്നിവ അനുസരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിയാണ് പട്ടയങ്ങൾ അനുവദിക്കുന്നത്. |
| (സി) | ഇനിയും പട്ടയ വിതരണം പൂർത്തിയാക്കാനുള്ള താലൂക്കുകളും വില്ലേജുകളും ഏതെല്ലാമാണ് വിശദമാക്കുമോ; | (സി) | അനുബന്ധം (II) ആയി ചേർക്കുന്നു |
| (ഡി) | കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി ഏതെല്ലാം ജില്ലകളിലെ, താലൂക്കുകളിലെ പട്ടയ വിതരണമാണ് മുടങ്ങിയിരിക്കുന്നത്; ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടുകൾ എന്താണ്; വ്യക്തമാക്കുമോ ? | (ഡി) | കോഴിക്കോട് ജില്ലയിൽ മിച്ചഭൂമി കണ്ടെത്തിയതിൽ താലൂക്ക് ലാന്റ് ബോർഡുകളിലും കോടതികളിലും പരിഗണനയിലിരിക്കുന്ന കേസുകളിൽ വിചാരണ നടപടികൾ നടന്നു വരുകയാണ്. കോടതി കേസുകൾ തീർപ്പുകൽപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പത്തനംതിട്ട, കൊല്ലം (കൊല്ലം. പുനലൂർ. കൊട്ടാരക്കര താലൂക്കുകളിൽ) ജില്ലകളിൽ ഭൂരഹിതരില്ലാത്ത പദ്ധതിക്കായി കണ്ടെത്തിയ ഭൂമികൾ സംബന്ധിച്ച് കോടതി വ്യവഹാരം നിലവിലുണ്ട്. കേസ്സിൽ തീർപ്പു കൽപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി കണ്ണൂർ ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം 429 പട്ടയങ്ങൾ വിതരണം ചെയ്യുവാൻ ബാക്കിയുണ്ട്. കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി പട്ടയവിതരണം തടസ്സപ്പെട്ട കേസുകൾ തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം (I)

**കോഴിക്കോട്**

കോഴിക്കോട് ജില്ലയിൽ 1742 എൽ.ടി പട്ടയങ്ങളും , 28 നാല് സെന്റ് പട്ടയങ്ങളും ,29 ദേവസ്വം പട്ടയങ്ങളും വിതരണം നടത്തിയിട്ടുണ്ട്.

**എറണാകുളം**

രണ്ടു പട്ടയമേളകൾ 2017 ഫെബ്രുവരി മാസത്തിൽ നടത്തിയിട്ടുള്ളതും ആയതിൽ 551 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കണയന്നൂർ, കൊച്ചി,പറവൂർ, ആലുവ,കുന്നത്തുനാട്, മൂവാറ്റുപുഴ, കോതമംഗലം എന്നീ താലൂക്കുകളിൽ പട്ടയം വിതരണം നടത്തിയിട്ടുണ്ട്.

**മലപ്പുറം**

തിരൂർ-51, തിരൂരങ്ങാടി-5, പെരിന്തൽമണ്ണ- 24 എന്നീ താലൂക്ക് തലങ്ങളിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്.

**പത്തനംതിട്ട**

രണ്ട് പേർക്ക് അടൂർ താലൂക്കിലും, മൂന്ന് പേർക്ക് റാന്നി താലൂക്കിലും ഭൂമി പതിച്ച നൽകിയിട്ടുണ്ട്.

**കൊല്ലം**

കൊല്ലം, കൊട്ടാരക്കര, കരുനാഗപ്പള്ളി, പുനലൂർ താലൂക്കുകളിലായി 95 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

**തിരുവനന്തപുരം**

തിരുവനന്തപുരം ജില്ലയിൽ 74 പട്ടയങ്ങൾ വിതരണം നടത്തിയിട്ടുണ്ട്.

**കോട്ടയം**

ചങ്ങനാശ്ശേരി താലൂക്കിൽ 4 കോളനി പട്ടയങ്ങളും, കാഞ്ഞിരപ്പള്ളി താലൂക്കിൽ 30 എൽ.എ പട്ടയങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

**തൃശ്ശൂർ**

തലപ്പിള്ളി, തൃശ്ശൂർ, ചാലക്കുടി, മുകുന്ദപുരം, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളിലായി യഥാക്രമം 46, 63, 6, 8, 22 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്.

**കണ്ണൂർ**

കണ്ണൂർ ജില്ലയിൽ റവന്യൂ ദിനാഘോഷത്തിന്റെ ഭാഗമായി 2017 ഫെബ്രുവരി മാസത്തിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്.

**വയനാട്**

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, മാനന്തവാടി, വൈത്തിരി എന്നീ താലൂക്കുകളിൽ ഈ സർക്കാരിന്റെ കാലത്ത് പട്ടയ വിതരണം നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം (II)

| താലൂക്ക് | താലൂക്കിൽ ഉൾപ്പെട്ട വില്ലേജുകൾ |
|---|---|
| കണയന്നൂർ | കാക്കനാട്, വാഴക്കാല |
| കൊച്ചി | എളംകുന്നപ്പുഴ, പുതുവൈപ്പ് |
| പറവൂർ | കുന്നുകര, പുത്തൻവേലിക്കര,കരുമാല്ലൂർ, പറവൂർ വില്ലേജുകളും, |
| കോതമംഗലം | കീരാംപാറ, എരമല്ലൂർ, കുട്ടംപുഴ, കോട്ടപ്പടി,കുട്ടമംഗലം |
| ആലുവ | അയ്യംപുഴ, മൂക്കന്നൂർ, മലയാറ്റൂർ, കറുകുറ്റി,നെടുമ്പാശ്ശേരി, ആലുവാ ഈസ്റ്റ്,ആലുവാ വെസ്റ്റ് വില്ലേജുകളും, |
| മൂവാറ്റുപുഴ | മൂവാറ്റുപുഴ , മണീട്,മഞ്ഞള്ളൂർ, കല്ലൂർക്കാട്ട് |
| കുന്നത്തുനാട് | കോടനാട്, പുത്തൻകുരിശ്,പെരുമ്പാവൂർ, രായമംഗലം, വേങ്ങൂർ, കൊമ്പനാട്, അശമന്നൂർ, മാറംപള്ളി, കുവപ്പടി, ചേലാമറ്റം. വെങ്ങോല, വേങ്ങൂർ വെസ്റ്റ് വില്ലേജ്, |
| തിരൂർ | തിരൂർ താലൂക്കിലെ എടയൂർ, കാട്ടിപ്പരുത്തി, |
| കൊണ്ടോട്ടി | ചീക്കോട്, |
| തിരൂരങ്ങാടി | തേഞ്ഞിപ്പാലം, പെരുവള്ളൂർ, |
| പെരിന്തൽമണ്ണ | ഏലംകുളം, മേലാറ്റൂർ, പാതായ്ക്കര, നെന്മിനി, |
| ഏറനാട് | വെട്ടിക്കാട്ടിരി, |
| തിരുവനന്തപുരം | പേരൂർക്കട, കടപ്പനക്കുന്ന്, ആറ്റിപ്ര, കഴക്കൂട്ടം, ശാസ്തമംഗലം, അയിരൂപ്പാറ. കഠിനംകുളം. വെയിലൂർ, മുട്ടത്തറ, |
| നെടുമങ്ങാട് | ആര്യനാട്, അരുവിക്കര, വെള്ളനാട്,വിതുര,വട്ടപ്പാറ, പനവൂർ, പാങ്ങോട്, നെടുമങ്ങാട്. കരിപ്പൂർ, കുറുപുഴ, നെല്ലനാട്, മാണിക്യൽ, ഉഴമലയ്ക്കൽ, പുല്ലമ്പാറ, |
| കാട്ടാക്കട | കള്ളിക്കാട്, അമ്പൂരി, ഒറ്റശേഖരമംഗലം, വാഴിച്ചൽ. കീഴാറൂർ, മലയിൻകീഴ്, വിളപ്പിൽ. വിഴവൂർക്കൽ. മാറനല്ലൂർ, വീരണകാവ്, കുളത്തുമ്മൽ, മണ്ണൂർക്കര, പെരുംകുളം, |
| ചിറയിൻകീഴ് | കൊടുവഴന്നൂർ, കിളിമാന്നൂർ, ഇളമ്പ-മുദാക്കൽ, ഇടയ്ക്കോട്, പുളിമാത്ത്, പഴയകുന്നുമ്മേൽ. വെള്ളല്ലൂർ,നഗരൂർ, കരവാരം,ആറ്റിങ്ങൽ, അവനവഞ്ചേരി, അഴൂർ, വക്കം, കിഴുവിലം-കുന്തള്ളൂർ, ആലംകോട്, അഞ്ചുതെങ്ങ്, ശാർക്കര- ചിറയിൻകീഴ്, കടയ്ക്കാവൂർ, കീഴാറ്റിങ്ങൽ, |
| വർക്കല | പള്ളിക്കൽ, മടവൂർ, നാവായികുളം, |
| നെയ്യാറ്റിൻകര | വെള്ളറട,ആനാവൂർ, കാഞ്ഞിരംകുളം, പൂവാർ, പാറശ്ശാല, കൊല്ലയിൽ, വിഴിഞ്ഞം. കരുംകുളം, കോട്ടുകാൽ, പെരുമ്പഴുതൂർ എന്നീ വില്ലേജുകളിൽ പട്ടയ വിതരണം പൂർത്തിയാകാനുണ്ട്. |

പത്തനംതിട്ടയിലെ എല്ലാ താലൂക്കുകളിലും വില്ലേജുകളിലും പട്ടയങ്ങൾ വിതരണം ചെയ്യാനുണ്ട്. കോഴിക്കോട് ജില്ലയിലും എല്ലാ താലൂക്കുകളിലും വില്ലേജുകളിലും പട്ടയ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കോട്ടയം ജില്ലയിൽ ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി 18 പട്ടയങ്ങൾ ചങ്ങനാശ്ശേരി താലൂക്കിലും, വൈക്കം താലൂക്കിൽ 48 കോളനി പട്ടയങ്ങളും വിതരണം ചെയ്യുവാൻ ബാക്കിയുണ്ട്. മീനച്ചിൽ താലൂക്കിന്റെ പരിധിയിൽ പൂഞ്ഞാർ നടുഭാഗം, തീക്കോയി വില്ലേജുകളിലും, കാഞ്ഞിരപ്പള്ളി താലൂക്കിലും പട്ടയവിതരണം നടത്തേണ്ടതുണ്ട്. തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ പട്ടയ വിതരണം നടത്തിയിട്ടില്ലാത്തതാണ്. (തീരദേശമേഖല) കണ്ണൂർ ജില്ലയിൽ പട്ടയ വിതരണത്തിലുള്ള നടപടികൾ പൂർത്തിയായി വരുന്നു. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ ഒരു വില്ലേജ് ഒഴികെ മറ്റ് വില്ലേജുകളിൽ പട്ടയവിതരണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ